**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 65** **07-06-2021 - ൽ മറുപടിയ്ക്ക്**

**ആമിന അബ്ദുൾ ഖാദറിന്റെ കൊലപാതകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപാടം സ്വദേശിനി പാണ്ട്യാർപിള്ളിൽ വീട്ടിൽ ആമിന അബ്ദുൾ ഖാദർ (66)നെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ? | (എ) | ഈ കേസിലെ പരാതിക്കാരന്റെ ഉമ്മ ആമിന 07.03.2021 തീയതി പകൽ 11.15 നും 12.15 നും ഇടയ്ക്കുള്ള ഏതോ സമയം വീടിനടുത്തുള്ള പാടത്ത് അവശനിലയിൽ കാണപ്പെടുകയും തുടർന്ന് ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തിച്ച സമയം മരണപ്പെട്ടുപോയതുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നം. 434/2021 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവേ, മരണപ്പെട്ട ആമിനയെ ആരോ ശ്വാസം മുട്ടിച്ച് അബോധാവസ്ഥയിൽ വെള്ളത്തിൽ തള്ളിയിട്ട് കൊലപ്പെടുത്തിയതാണെന്നുള്ള പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെയും ടിയാൾ ധരിച്ചിരുന്ന സ്വർണ്ണാഭരണങ്ങൾ കവർച്ച ചെയ്തതായി വെളിവായതിന്റെയും അടിസ്ഥാനത്തിൽ ടി കേസ്, ഇന്ത്യൻ ശിക്ഷാനിയമത്തിലെ 397, 302 വകുപ്പുകൾ പ്രകാരം മാറ്റി മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള 21 അംഗ സംഘം രൂപീകരിച്ച് പ്രതികളെ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയവും ഊർജ്ജിത വുമായ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ